# *Little wings*

***digital magazine***

***St.Thomas hss,Engandiyur***



Little wings

# ആശംസകളോടെ



ഹെഡ് മിസ്ട്രസ് ഷൈലാറാണി ടീച്ചർ

# LITTLE KITES-OUR PROUD



"Earth provides enough to satisfy every man's needs,but not every man's greed"

Mahathma Gandhi

# എഡിറ്റോറിയൽ

പുതിയ അറിവുകളും ഉൾകാഴ്ചകളുമായി കുഞ്ഞിച്ചിറകുകൾ വീശി ഈ പ്രപഞ്ചത്തിന്റെ അനന്തവിഹായസിലേക്കുള്ള കുതിപ്പിലാണ് ഓരോ വിദ്യാർത്ഥിയും ചന്ദ്രനിൽ വരെ എത്തി നിൽക്കുന്ന പുതു യുഗത്തിൽ സാങ്കേതിക പരിജ്ഞാനത്തിന്റെ പ്രായോഗികത ഏറെ പ്രസക്തിയുള്ളതാണ് വിദ്യാലയങ്ങളിൽ നിന്നും ലഭിക്കുന്ന ഹൈ ടെക് പരിജ്ഞാനം ആ കുഞ്ഞിച്ചിറകുകൾക്കു കൂടുതൽ ഊർജവും ധൈര്യവും നൽകി നന്മനിറഞ്ഞ ഒരു പുതിയ കാലം സൃഷ്ടിക്കാൻ കഴിയട്ടെ എന്നും ആശംസിക്കുന്നു

Little wings

# ഡിജിറ്റൽ പൂക്കളം



Little wings

LITTLE KITES-FIRST BATCH



LITTLE KITES-SECOND BATCH



## ഡോക്യുമെൻഡറി പ്രകാശനം




ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ  തയ്യാറാക്കിയ ആഴക്കടലിന്റെ തോഴി എന്ന ഡോക്യുമെന്ററി മാത്യൂസ് പാവറട്ടി പ്രകാശനം നടത്തി. ആഴക്കടൽ മത്സ്യബന്ധനത്തിന് ലൈസൻസ് നേടിയ ആദ്യ വനിതയാണ് രേഖ കാർത്തികേയൻ. ഇവരെകുറിച്ചുള്ള ഡോക്യുമെന്റെറി ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളാണ് ചിത്രീകരണവും എഡിറ്റിംഗും നടത്തിയത്.



Little wings

# ലിറ്റിൽ കൈറ്റ്സ് ക്യാമ്പിൽ നിന്നും





8



## 'അമ്മ

അടർന്നു വീഴുവാനില്ല
നിന്റെ നനുത്ത സ്നേഹത്തിന്റെ
കാലമെത്ര പോയാലും
വർഷങ്ങൾ എത്ര കഴിഞ്ഞാലും
ഇന്നുമെൻ ഹൃത്തടത്തിൽ
തളിരാർന്നു കുളിരായി
നിലകൊള്ളുന്നെൻ സ്നേഹം
നിനക്ക് പകരം വെക്കാൻ
ആരുണ്ടീലോകത്തിൽ
അമ്മയെന്ന രണ്ടക്ഷരം തന്നെ .

രേഷ്മ എസ്  എം

Little wings

# വിദ്യാലയപ്രവർത്തനങ്ങളിലൂടെ












## മാറ്റം

കാലം തൊട്ടറിയിച്ച സത്യങ്ങളെ
ശാസ്ത്രമെന്നോമന പേരുമായി
ആദ്യമായ് കല്ലിൽ തീർത്തുപിന്നെ
നാണയത്തുട്ടുകളേറിവന്നു
ചേറ്റിൽ കുനിഞ്ഞാ ഞാറുകള്
നട്ടൊരെൻ അമ്മയ്ക്ക്
യന്ത്രങ്ങളാകെ കൂട്ടുവന്നു
ട്രില്ലറും ട്രാക്ടറും ഒക്കെയും വന്നതേ
കലപ്പകളാകെയും വഴിമാറി
കൂടുന്ന യന്ത്രവും കൂട്ടുന്ന കൂടെ നാം
കൂട്ടായി മാറിടാൻ ഇന്നുമെന്നും
വേനലിൽ ചൂടിലുറങ്ങീടുവാൻ വീശിയ
വിശറികള് പോയിമറഞ്ഞു
പങ്കതൻ കുളിരിൽ കമ്പിളിമൂടി-
യുറങ്ങീടുമ്പോള് നാലിഞ്ച്
വീതിയിൽ തേപ്പുപലകപോൽ
കീശയിൽ വീർത്തുകിടക്കുന്ന ഫോണും
ലോകത്തിലുള്ളതൊക്കെയും
കാണുവാൻ ഒറ്റവിരൽതുമ്പിലായി ഈനെറ്റും
ചിന്തിച്ചുകൂട്ടാകതയിട്ടുരസ്സി
യാതൊക്കെയും വന്നു വിരിക്കുമ്പോഴൊക്കെ
തുങ്ങിയാടുന്ന ജന്മങ്ങള് ശാസ്ത്രലോകത്തിലിന്നും

ആൻസി അസ്ക

Little wings

# pollution



krishna prasad

## നാം എങ്ങോട്ട് ?

മനുഷ്യൻ ആത്യന്തികമായി പ്രകൃതിയോടും മറ്റു ജീവജാലങ്ങളോടും സൗഹാർദ്ദപരമായ സമീപനം വച്ചുപുലർത്തേണ്ടത് അത്യന്താപേക്ഷിതമാണ് എന്നത് അവിതർക്കിതമായ വസ്തുതയാണ്. ഭൂമിയിലുള്ള സകല ജീവജാലങ്ങളുടെയും സഹവർത്തിത്വമാണ് നമ്മുടെ ഭൂമിയുടെ ശാശ്വതമായ രക്ഷ എന്ന് പ്രകൃതിസ്നേഹികൾ ആണയിടുന്നത് വെറുതെയല്ല. പ്രശസ്തനിരൂപകനായ എം . എൻ വിജയൻ അഭിപ്രായപ്പെട്ടത് പോലെ നമ്മൾ പ്രകൃതിയിൽ നിന്നു പഠിക്കേണ്ട ഏറ്റവും വലിയ പാഠം നാം ഒന്നും പ്രകൃതിയിൽ നിന്ന് പഠിക്കുന്നില്ല എന്നുള്ളതാണ്. മനുഷ്യന്റെ വരും വരായ്കയെക്കുറിച്ചുള്ള വ്യാകുലത ഇല്ലാതെ പ്രകൃതിയെ അവന്റെ സ്വാർത്ഥ താല്പര്യങ്ങൾക്കും സുഖലോലുപതക്കും വേണ്ടി ചിന്നഭിന്നമാക്കുന്ന കാഴ്ച്ച ഭീതിതം തന്നെ . ഇനി വരുന്നൊരു തലമുറക്ക് ഈ ഭൂമിയിൽ ജീവിക്കാനായി എന്തെങ്കിലും മാറ്റിവക്കുമോ എന്നുള്ള ആശങ്കയിൽ ലോകമാകെ ഉൽകണ്ഠാകുലരാണ്

മൂന്നാം ലോകയുദ്ധം ഉണ്ടാവുകയാണെങ്കിൽ അത് ശുദ്ധജലത്തിനും വായുവിനും വേണ്ടിയാകും എന്ന രണ്ടഭിപ്രായമില്ല . ഡൽഹിയിലെ

വായുമലിനീകരണം, ബ്രസീലിലെ ആമസോൺ കാടുകളുടെ നശീകരണം മുതലായവ ഇത്തരുണത്തിൽ ഓർക്കേണ്ടതാണ് ഡൽഹിയിൽ ശുദ്ധവായു ശ്വസിക്കാൻ മാളിൽ ഓക്സിജൻ ബാറിന് തുടക്കം ഇട്ടു കഴിഞ്ഞു. മുൻകരുതൽ പ്രഖ്യാപനങ്ങളിൽ മാത്രം പോരാ. ജീവിതശൈലിയിലും വികസനസങ്കല്പങ്ങളിലും തിരുത്തലുകൾ ഉണ്ടായാലേ പ്രത്യാശയ്ക്ക് വകയുള്ളു മറ്റെന്തൊക്കെ ഉണ്ടായാലും ശുദ്ധവായുവും ശുദ്ധജലവും ഇല്ലെങ്കിൽ ഒരു സംസ്കാരത്തിനും അതിജീവിക്കാനാവില്ല. മനുഷ്യനിർമ്മിതമാലിന്യം സംസ്കാരത്തിന് ഏറ്റവുംവലിയ തലവേദനയാണിന്ന്. മണ്ണിലലിയാത്ത പ്ലാസ്റ്റിക് മാലിന്യം വലിയ വിപത്താണ് ഉത്തരവാദിത്വമുള്ള ഭരണകൂടത്തിന്റെ കടമയായി പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തെ കാണണം. പ്ലാസ്റ്റിക് മാലിന്യത്തിന്റെ പുനഃ ചംക്രമണ വിദ്യ കൂടി ഉണ്ടാവേണ്ടതുണ്ട്. പ്രകൃതിക്കു നിരക്കാത്ത രീതിയിലുള്ള ജീവിതരീതികളും വികസന സങ്കല്പങ്ങളും വിചാരണക്ക് വിധേയമാക്കണം. ഇല്ലെങ്കിൽ ഭാവി ശോഭനമായിരിക്കില്ലെന്ന് ഓർമിപ്പിക്കാതെ വയ്യ .........

anwaya cs

# നന്ദി